ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:14.01.2026

## പ്രധാനവാർത്തകൾ

1. പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാാം സമ്മേളനം ഈ മാസം 20 ന് ആരംഭിക്കുമെന്ന് സ്പീക്കർ എ എൻ ഷംസീർ.
2. കലാമേളകളിൽ പങ്കാളിത്തത്തിനാണ് പ്രാധാന്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സ്കൂൾ കലോത്സവം തൃശൂർ തേക്കിൻകാട് മൈതാനിയിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യു.
3. ഇന്ന് മകരസംക്രാന്തി. ശബരിമലയിൽ മകരജ്യോതി ദർശനം കാത്ത് ഭക്തർ. കനത്ത സുരക്ഷയിൽ സന്നിധാനം.
4. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ലക്ഷദീപം ഇന്ന്. തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം.
5. കൊല്ലം ആയൂരിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. 16 പഞ്ചായത്തുകളിൽ നിരീക്ഷണം വ്യാപിപ്പിച്ചു.
6. ഇന്ത്യ-ന്യൂസിലൻഡ് പുരുഷ ഏകദിന ക്രിക്കറ്റിലെ രണ്ടാം മത്സരം ഇന്ന് രാജ്കോട്ടിൽ.

RNUTVPM

## നിയമസഭ

പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാാം സമ്മേളനം ഈ മാസം 20 ന് ആരംഭിക്കുമെന്ന് സ്പീക്കർ എ എൻ ഷംസീർ. ഈ

സർക്കാരിൻറെ കാലത്തെ അവസാനത്തെ സഭാ സമ്മേളനമാണ് ചേരുന്നത്. ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെ സഭാ സമ്മേളനം ആരംഭിക്കും. ഈ മാസം 29ന് ധനമന്ത്രി കെ എൻ ബാലഗോപാൽ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിക്കും. മാർച്ച് 26 വരെ 32 ദിവസമാണ് സഭ സമ്മേളിക്കുക.

☸☸☸☸☸☸☸☸☸☸☸☸☸

## സ്കൂൾ കലോത്സവം ( ഇൻട്രോ )

കലാമേളകളിൽ പങ്കാളിത്തത്തിനാണ് പ്രാധാന്യമെന്നും മത്സരം ഒരാളുടെയും കഴിവിൻറെ ആത്യന്തികമായ അളവുകോലല്ല എന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കലയാണ് കലാകാരന്മാരുടെ മതമെന്നും മുഖ്യമന്ത്രി പറഞ്ഞു. തൃശൂർ തേക്കിൻകാട് മൈതാനിയിൽ സംസ്ഥാന സ്കൂൾ കലോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
( വോയിസ്.....)

കേരളത്തിന്റെ അതിസമ്പന്നമായ സാംസ്കാരിക പൈതൃകം പുതിയ തലമുറകളിലേക്ക് കൈമാറുന്നതിൽ കലോത്സവങ്ങൾ നിർണായക പങ്കു വഹിക്കുന്നുവെന്ന് ചടങ്ങിൽ സംസാരിച്ച കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. മന്ത്രിമാരായ വി ശിവൻകുട്ടി, കെ രാജൻ, ആർ ബിന്ദു, കെ കൃഷ്ണൻകുട്ടി, രാമചന്ദ്രൻ കടന്നപ്പള്ളി തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഈ മാസം 18 വരെ നീളുന്ന കലാമാമാങ്കത്തിൽ 25 വേദികളിലായി 15,000 ലേറെ പ്രതിഭകൾ മാറ്റുരയ്ക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## മകരസംക്രാന്തി

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് വിളവെടുപ്പ് ഉത്സവമായ മകരസംക്രാന്തി ആഘോഷിക്കുന്നു. ഉത്സവവേളയിൽ രാഷ്ട്രപതി

RNU TVPM

ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ തുടങ്ങിയവർ ആശംസകൾ നേർന്നു. ന്യൂഡൽഹിയിൽ നടന്ന മകരസംക്രാന്തി ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്തു. പ്രകൃതിയും കുടുംബങ്ങളും സമൂഹവുമായി സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിനുള്ള പാതയാണ് പൊങ്കലെന്ന് പരിപാടിയിൽ പങ്കെടുത്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## മകരജ്യോതി- പത്തനംതിട്ട പിടിസി (ഇൻട്രോ)

RNU TVPM

ശബരിമലയിൽ മകരജ്യോതി ദർശനം കാത്ത് ഭക്തർ. മകരസംക്രമ പൂജ വൈകിട്ട് 3.08 ന് നടക്കും. വൈകിട്ട് തിരുവാഭരണങ്ങൾ അണിഞ്ഞ് മഹാ ദീപാരാധനയും മകരജ്യോതി ദർശനവും നടക്കും. മകരവിളക്ക് മഹോത്സവത്തിനായി 2 ലക്ഷത്തോളം തീർഥാടകരാണ് സന്നിധാനത്തെത്തുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ്. ശ്രീധർ....**

**(ഹോൾഡ് വോയ്സ്........)**

❁❁❁❁❁❁❁❁❁❁❁❁❁

## തൈപ്പൊങ്കൽ

തമിഴ്നാട്ടിലെ മുഖ്യ ആഘോഷമായ തൈപ്പൊങ്കൽ പ്രമാണിച്ച് കേരളത്തിലെ 6 അതിർത്തി ജില്ലകൾക്ക് നാളെ പ്രാദേശിക അവധി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, പാലക്കാട്,

ഇടുക്കി, വയനാട് ജില്ലകൾക്കാണ് അവധി. സംസ്ഥാന സർക്കാരിൻറെ ഔദ്യോഗിക കലണ്ടർ പ്രകാരമുള്ള അവധിയാണിത്.

## ശബരിമല

മകരവിളക്ക് മഹോത്സവത്തിന് സന്നിധാനം പൂർണസജ്ജമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.ജയകുമാർ. തിരക്ക് ഒഴിവാക്കാൻ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ദേവസ്വം ബോർഡ് നൽകിയ ഫോട്ടോ പതിച്ച തിരിച്ചറിയിൽ പാസുള്ളവർക്കേ തിരുമുറ്റത്തും ഫ്ളൈ ഓവറുകളിലും നിന്ന് മകരജ്യോതി ദർശിക്കാൻ കഴിയൂ. സന്നിധാനത്തെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി. തീർഥാടകരുടെ മടക്ക യാത്രയ്ക്കായി കെഎസ്ആർടി സി 1,000 ബസുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## പത്മനാഭസ്വാമി ക്ഷേത്രം

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ 56 ദിവസം നീണ്ട മുറ ജപത്തിന് സമാപനം കുറിച്ചുള്ള ലക്ഷ ദീപം ഇന്ന് നടക്കും. നവംബർ 20 ന് ആരംഭിച്ച മുറജപ ചടങ്ങുകൾക്ക് ഒടുവിലാണ് ലക്ഷദീപം തെളിയിക്കുന്നത്. ലക്ഷ ദീപത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഗതാഗത ക്രമീകരണം ഏർപ്പെടുത്തി. ഇന്ന് വൈകുന്നേരം നാല് മണിമുതൽ കിഴക്കേകോട്ട, അട്ടകുളങ്ങര, ശ്രീകണ്ഠേശ്വരം , വാഴപ്പള്ളി, വെട്ടിമുറിച്ചകോട്ട എന്നിവിടങ്ങളിൽ നിയന്ത്രണങ്ങളുണ്ടാകും. വിമാനത്താവളത്തിലേക്കും, റെയിൽവെ സ്റ്റേഷനിലേക്കും വരുന്നവർ മുൻകൂട്ടി യാത്രകൾ ക്രമീകരിക്കേണ്ടതാണ്. ക്ഷേത്രത്തിന് ചുറ്റുമുള്ള റോഡുകളിലും

RNUTVPM

ഗണപതികോവിൽ-എസ്.പി ഫോർട്ട്- മിത്രാനന്ദപുരം-വാഴപ്പള്ളി-വെട്ടിമുറിച്ചകോട്ട റോഡിലും മിത്രാനന്ദപുരം-പടിഞ്ഞാറെ കോട്ട-ഈഞ്ചയ്ക്കൽ റോഡിലും, ഈഞ്ചയ്ക്കൽ- കൊത്തളം- അട്ടക്കുളങ്ങര റോഡിലും വാഹനങ്ങൾ പാർക്ക് ചെയ്യാൻ അനുവദിക്കില്ല.

❁❁❁❁❁❁❁❁❁❁❁❁❁

## അനൗൺസ്മെന്റ്

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## പക്ഷിപ്പനി- കൊല്ലം പിടിസി (ഇൻട്രോ)

കൊല്ലം ആയൂർ തോട്ടത്തറ മുട്ടക്കോഴി ഹാച്ചറിയിൽ എച്ച്-9 എൻ-2 പക്ഷിപ്പനി സ്ഥിരീകരിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ നിരവധി കോഴികൾ കൂട്ടത്തോടെ ചത്തതിനെത്തുടർന്ന് ഭോപ്പാലിലെ ലാബറട്ടറിയിൽ നടത്തിയ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി **നീരജ് ലാൽ...**

( **വോയിസ്.....**)

❁❁❁❁❁❁❁❁❁❁❁❁❁

## ജോസ് കെ മാണി

കേരള കോൺഗ്രസ് എമ്മിൽ ഭിന്നതയില്ലെന്ന് പാർട്ടി ചെയർമാൻ ജോസ് കെ മാണി. കേരള കോൺഗ്രസ് എമ്മിന്റെ നിലപാട് ഇടതു പക്ഷത്തോടൊപ്പമാണെന്നും അദ്ദേഹം കോട്ടയത്ത് മാധ്യമങ്ങളോട് വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

## ക്രിക്കറ്റ് -ഒഡിഐ

ഇന്ത്യ-ന്യൂസിലൻഡ് പുരുഷ ഏകദിന ക്രിക്കറ്റിലെ രണ്ടാം മത്സരം ഇന്ന് രാജ്കോട്ടിലെ നിരഞ്ജൻ ഷാ സ്റ്റേഡിയത്തിൽ നടക്കും. ഉച്ചയ്ക്ക് 1.30 നാണ് മത്സരം. ഞായറാഴ്ച വഡോദരയിൽ ന ടന്ന ആദ്യ ഏകദിനത്തിൽ ഇന്ത്യ വിജയിച്ചിരുന്നു. പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഞായ റാഴ്ച ഇൻഡോറിൽ നടക്കും.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## വോട്ടർപട്ടിക

സംസ്ഥാനത്ത് സമഗ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിന്റെ ഭാഗമായി നോട്ടീസ് ലഭിച്ചവർക്ക് രേഖകൾ അപ് ലോഡ് ചെയ്യാൻ ഓൺലൈൻ സംവിധാനം ഒരുങ്ങി. voters.eci.gov.in വെബ്സൈറ്റ് ലിങ്കിൽ പ്രവേശിക്കുമ്പോൾ submit document against notice issued എന്ന ബട്ടണിലാണ് ക്ലിക്ക് ചെയ്യേണ്ടത്.

☸☸☸☸☸☸☸☸☸☸☸☸☸

## ഒ.കരുണൻ അന്തരിച്ചു

ആദ്യകാല പത്രപ്രവർത്തകനും കണ്ണൂർ പ്രസ്സ് ക്ലബ് മുൻ പ്രസിഡൻറുമായ ഒ. കരുണൻ അന്തരിച്ചു. 81 വയസ്സായിരുന്നു.

ദീർഘകാലം 'വീക്ഷണം' കണ്ണൂർ ബ്യൂറോ ചീഫ് ആയിരുന്നു. സംസ്കാരം ഇന്ന് വൈകിട്ട് മൂന്നിന് പയ്യാമ്പലത്ത് നടക്കും.

## ഇറാൻ പ്രക്ഷോഭം

ഇറാനിലെ സാമ്പത്തിക പ്രതിസന്ധിയിൽ ഭരണകൂട വിരുദ്ധ പ്രക്ഷോഭം രൂക്ഷമായി തുടരുന്നു. സംഘർഷങ്ങൾക്കിടെ 2,500 ലേറെ പേർ കൊല്ലപ്പെട്ടതായി മനുഷ്യാവകാശ സംഘടനകൾ അറിയിച്ചു. പന്ത്രണ്ട് കുട്ടികളും പ്രതിഷേധങ്ങളിൽ പങ്കെടുക്കാത്ത ഒമ്പത് സാധാരണക്കാരും കൊല്ലപ്പെട്ടതായാണ് വിവരം. 18,000 ൽ അധികം ആളുകളെ കസ്റ്റഡിയിലെടുത്തതായും റിപ്പോർട്ടുണ്ട്. അതേസമയം ഇറാനിയൻ പ്രതിഷേധക്കാർക്ക് സഹായം ഉടൻ ലഭ്യമാക്കുമെന്ന് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് അറിയിച്ചു. പ്രതിഷേധക്കാരെ തൂക്കിലേറ്റിയാൽ ശക്തമായി പ്രതികരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

## രാജ്നാഥ് സിംഗ് - വെറ്ററൻസ് ദിനം

സൈനികരുടെ അചഞ്ചലമായ ധൈര്യം ഓരോ ഇന്ത്യക്കാരനും പ്രചോദനമേകുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. സായുധ സേനാ VETERANS ദിനത്തിൽ രാഷ്ട്രപതി ആശംസകൾ നേർന്നു. രാജ്യ സേവനത്തിനായി ജീവിതം സമർപ്പിച്ച മുൻ സൈനികർക്കും, സേനയിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്നവർക്കും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് നന്ദി രേഖപ്പെടുത്തി. ഇന്ത്യൻ കരസേനയുടെ ആദ്യ കമാൻഡർ ഇൻ ചീഫ്, ഫീൽഡ് മാർഷൽ കെ എം കരിയപ്പ നൽകിയ സേവനങ്ങളുടെ ബഹുമാനാർത്ഥം,1953 ൽ അദ്ദേഹം വിരമിച്ച ദിനമാണ് VETERANS ഡേ ആയി ആഘോഷിക്കുന്നത്.

## ലക്ഷദ്വീപ് -ക്യാമ്പ്

ഇന്ത്യൻ നാവികസേനയുടെ നേതൃത്വത്തിലുള്ള മൾട്ടി-സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് ലക്ഷദ്വീപിൽ ആരംഭിച്ചു. കവരത്തിയിലെ ഇന്ദിരാഗാന്ധി ആശുപത്രിയിൽ നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അമിനി, ആന്ത്രോത്ത് , അഗത്തി, കവരത്തി, മിനിക്കോയ് ദ്വീപുകളിൽ സമഗ്ര വൈദ്യസഹായം നൽകുകയാണ് ലക്ഷ്യം.

RNU TVPM